മാതൃഭൂമി

19 February 2018

# ചിത്രം വരച്ച് സി.എം.എഫ്.ആർ.ഐ. വാർഷികാഘോഷം

കൊച്ചി ▸ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) വാർഷികദിനാഘോഷം കുട്ടികളിലെ ചിത്രകാരന്മാരെ കണ്ടെത്തുന്നതിന്റെ വേദിയായി.

വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി ചിത്രകാരൻ ടി. കലാധാരൻ സി.എം.എഫ്.ആർ.ഐ. ജീവനക്കാരുടെ കുട്ടികൾക്ക് ചിത്രരചനയുടെ ബാലപാഠങ്ങൾ പകർന്ന് നൽകി.

സി.എം.എഫ്.ആർ.ഐ. റിക്രിയേഷൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന വാർഷികദിനാഘോഷം സിനിമാ സംവിധായകൻ ജി. മാർത്താണ്ഡനും ടി. കലാധരനും ചേർന്ന് ഉദ്ഘാടനം ചെയ്തു.



▶ സി.എം.എഫ്.ആർ.ഐ. റിക്രിയേഷൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടന്ന വാർഷികദിനാഘോഷം സംവിധായകൻ ജി. മാർത്താണ്ഡനും ടി. കലാധരനും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു

സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സി.എം.എഫ്.ആർ.ഐ.യിലെ ജീവനക്കാരും അവരുടെ കുട്ടികളും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.